QP CODE: 22101115

22101115

Reg No : .....................

Name : .....................

## B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, APRIL 2022

### Sixth Semester

### Choice Based Core Course - ML6CBT01 - MALAYALATHILE STHREE RACHANAKAL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

6856E7A6

Time: 3 Hours

Max. Marks : 80

***Instructions to Private candidates only**: This question paper contains **two sections.** Answer **SECTION I** questions in the answer-book provided. **SECTION II,** Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II***

### SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. സ്ത്രീവാദനിരൂപണം -കുറിപ്പെഴുതുക.
2. "സ്വന്തം കർമ്മശക്തികളുടെ സമുജ്ജ്വലസാഫല്യംകൊണ്ട് മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം സംജാതമാകയുള്ളൂ"- സന്ദർഭമേത് ?
3. ആ സൗഹാർദ്ദത്തിനെന്തു വ്യാഖ്യാനമാണ് മറ്റുള്ളവർ കൊടുക്കുന്നതെന്നറിഞ്ഞപ്പോൾ വിലാസിനിക്ക് അമ്പരപ്പും വേദനയും തോന്നി.- എന്തുകൊണ്ട്
4. അമ്മാനപ്പനെ പരിചയപ്പെടുത്തുക.
5. "ഭാര്യയുടെ ജാരനെ അന്വേഷിക്കുന്ന ഭർത്താവിന്റെ കാർക്കശ്യം രഘൂത്തമന്റെ കണ്ണുകളിൽ തെളിയുന്നതു കണ്ട് എന്റെ ഉള്ള് പിടച്ചു". സാഹചര്യം വിശദമാക്കുക.
6. "ശ്യാമേ, വിഷണ്ണയായി നില്ക്കേണ്ട, പോക നീ,<br>ഞാനുമ പ്പൊൽക്കുഴൽ കേട്ടല്ലോ" - സന്ദർഭവും ആശയവും വിശദമാക്കുക.
7. വയലിൻ മടിത്തുമ്പിൽ മനോഹരമായി നിന്ന കാലത്തെ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

8. "അതാ കാര്യം
അത്രേ ഉള്ളൂ കാര്യം "- കാര്യമെന്തെന്ന് വിശദമാക്കുക

9. "ഒക്കെയറിഞ്ഞിട്ടും
പുതുവെള്ളമഴെയ്
എന്ന്
ഉള്ളിൽ
മൂളിമൂളിയിരുന്നതിനെ
പുറത്ത് വിടാഞ്ഞതെന്ത് നീ...."- ഈ വരികളിൽ തെളിയുന്ന ഭാവതലമെന്ത് ?

10. പാരിസ്ഥിതിക സ്ത്രീവാദം - കുറിപ്പെഴുതുക

11. സ്ത്രീ നാടകവേദി- കുറിപ്പെഴുതുക

12. "എന്തൊരു മണ്ടിയാണവൾ.... ഒറ്റയ്ക്കിരുന്നു കരഞ്ഞ് മതിയാവുമ്പോൾ ബോധം തെളിഞ്ഞോളും. എനിക്ക് വേറെ പണിയുണ്ട് " ആരുടെ വാക്കുകൾ ?സന്ദർഭമെന്ത് ?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. "തീരെ ദരിദ്രമെൻ നാട്ടിലെയേതൊരു
നാരിയും രാധികയല്ലീയുള്ളിൽ"- ഇവിടെ സ്ത്രീകവിതയുടെ തിരിച്ചറിവ് വ്യക്തമാക്കപ്പെടുന്നുണ്ടോ? - വിശദമാക്കുക.

14. "ആത്മകഥ ചിലർക്ക് ചരിത്രമാകുന്നു ചിലർക്ക് കഥയാകുന്നു മറ്റു ചിലർക്ക് കലാപമാകുന്നു"- എന്തുകൊണ്ട് ?

15. "വ്യക്തി എന്ന നിലയിൽ ഉയരാൻ ഇടംകൊടുക്കുന്ന - പ്രേരിപ്പിക്കുന്ന - തീക്ഷ്ണബുദ്ധി സ്ത്രീകൾക്ക് അനാവശ്യം മാത്രമല്ല ഉപദ്രവം കൂടിയാണ്- അവനവനും അന്യർക്കും" - എന്നു പറയാൻ കാരണമെന്ത് ?

16. മാദ്ധ്യമലോകത്തിന്റെ കടന്നുകയറ്റത്തിൽ പ്രണയ- ജീവിതസങ്കല്പങ്ങൾക്ക് സംഭവിച്ച പരിവർത്തനത്തെ ഇവിടെ ഒരു ടെക്കി എന്ന കഥ അവതരിപ്പിക്കുന്നതെങ്ങനെ

17. "അണുവോടണുവേയിണക്കും മഹത്വത്തി-
ന്നമരാനുഭൂതികൾ ഞാനറിഞ്ഞു"- എപ്പോൾ ? ഇവിടെ വെളിവാകുന്ന ചിന്തകൾ എന്തെല്ലാം ?

18. അറയിൽ തിരിയും കൊളുത്തി തന്റെ പ്രിയനെ കാത്തുദിനങ്ങൾ പോക്കിടുന്നവളുടെ ചിന്തകൾ കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

19. "ഇരുട്ടിൽ കണ്ണുകാണുന്ന മൃഗങ്ങൾക്ക് ഇരുട്ടിന്റെ രഹസ്യമറിയാം. നമുക്കേ

അതറിയാതൊള്ളൂ". ഇങ്ങനെ പറയാൻ കാരണമെന്ത് ?

20. നാടക അഭിനയരംഗത്തെ സ്ത്രീകളുടെ പ്രാധാന്യം വിശദമാക്കുക.

21. നാടകവേദിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ ആദ്യകാലനാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

(6×5=30)

**പാർട്ട് സി**

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. സ്ത്രീ ആത്മകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

23. വിസ്മയകരവും വിജ്ഞേയവും അപൂർവ്വവുമായ ആയിരത്തൊന്ന് എപ്പിസോഡുകളുടെ കഥ ഇവിടെ ഇതാ അവസാനിക്കുന്നു. 'ആലിഫ് ലെയ് ലാ' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

24. സ്ത്രീ കവിതകളിലെ ആവിഷ്കാരവൈവിധ്യം പാഠഭാഗങ്ങളെ ആസ്പദമാക്കി വിവരിക്കുക.

25. പരിസ്ഥിതിയേയും സ്ത്രീയേയും ആഖ്യാനം ചെയ്യുന്ന രീതി , ഭാഷാ എന്നിവയിൽ വന്നിരിക്കുന്ന പുതിയ മാറ്റങ്ങൾ അടയാളപ്പെടുത്തുക.

(2×15=30)